**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1744</u>** **<u>29-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിന്റെ വികസനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിന്റെ വികസനത്തിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിൽ ചുവടെ ചേർക്കുന്ന വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>• ഫാമിൽ കൃഷി ചെയ്യാതെ കിടന്നിരുന്ന 15 ഹെക്ടർ തരിശു ഭൂമിയിൽ കൃഷി ചെയ്യുവാൻ ആരംഭിച്ചു.<br><br>• IIHR Chettali, Centre of Excellence for Citrus, Nagpur എന്നിവിടങ്ങളിൽ നിന്നും മികച്ച വിത്ത് ഇനങ്ങൾ എത്തിക്കുകയും, ഓറഞ്ച് നാരക വർഗ കൃഷി കൂടുതൽ വ്യാപിപ്പിക്കുകയും, എഴ് ഏക്കറോളം ഏരിയയിൽ ഓറഞ്ചിന് ഡ്രിപ് ഇറിഗേഷൻ സംവിധാനം (with ventuary) ഒരുക്കുകയും ചെയ്തു.<br><br>• ഫാമുകളെ center of excellance ആയി മാറ്റുന്നതിന്റെ ഭാഗമായി നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിനെ തെരഞ്ഞെടുക്കുകയും ഈ വർഷത്തെ കാർബൺ ന്യൂട്രൽ പഠനങ്ങൾ നടക്കുന്ന ഫാമുകളിൽ ഒന്നായി നെല്ലിയാമ്പതി ഓറഞ്ച് ഫാമിനെ തെരഞ്ഞെടുക്കുകയും ചെയ്തു.<br><br>• ഓൺലൈൻ വിപണി പ്ലാറ്റ്ഫോം ആയ ആമസോണിൽ ഫാമിലെ 10 മൂല്യ വർധിത ഉത്പന്നങ്ങൾ (ഓറഞ്ച് സ്ക്വാഷ്, പാഷൻ ഫ്രൂട്ട് സ്ക്വാഷ്, പാഷൻ ഫ്രൂട്ട് ജാം, പാഷൻ ഫ്രൂട്ട് ജെല്ലി, പാഷൻ ഫ്രൂട്ട് അച്ചാർ, പേരക്ക സ്ക്വാഷ്, പേരക്ക ജെല്ലി, നാരങ്ങാ സ്ക്വാഷ്, നാരങ്ങാ അച്ചാർ, മിക്സഡ് ഫ്രൂട്ട് ജാം) keralagro ബ്രാൻഡിൽ പുറത്തിറക്കി .<br><br>• ഓപ്പൺ പ്രിസിഷൻ ഫാമിങ്, ഹൈ ടെക് ഫാമിങ് എന്നിവയിലേക്ക് ഫാമിന്റെ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു.<br><br>• ഫാമിൽ ഉപയോഗ ശൂന്യമായി കിടന്നിരുന്ന പോളിഹൗസുകളും വർക്ക് ഷെഡ്ഡുകളും പ്രവർത്തന സജ്ജമാക്കി വിവിധ പ്രവർത്തനങ്ങൾ ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | • SMAF ബിഗ് നഴ്സറി, SMAF സ്മാൾ നഴ്സറി പദ്ധതികൾക്കുള്ള അംഗീകാരം ലഭിക്കുകയും ആയതിൽ സ്മാൾ നഴ്സറിയുടെ പണി പൂർത്തിയാക്കുകയും ചെയ്തു .<br><br>• ഫാമിന്റെ വരുമാനം ഒന്നര വർഷത്തിനുള്ളിൽ തന്നെ ഇരട്ടിയോളം ആക്കുവാൻ സാധിച്ചു<br><br>• ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുകയും, ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് ഫാം സന്ദർശിക്കുന്നതിനും, വിവിധ സസ്യ പ്രജനന രീതികളെക്കുറിച്ചും , ഫാമിൽ നിലവിലുള്ള വിളകളെക്കുറിച്ചും, കൃഷി രീതികളെക്കുറിച്ചും ജൈവ വൈവിധ്യ സംരക്ഷണത്തെക്കുറിച്ചുമുള്ള അറിവ് പകർന്ന് കൊടുക്കുന്നതിനും സാധിച്ചു. കൂടാതെ പൊതുജനങ്ങൾക്ക് ഫാം സന്ദർശിക്കുന്നതിന് അനുമതി നൽകുകയും, ആയതിന് എൻട്രി ടിക്കറ്റ് സംവിധാനം നടപ്പിലാക്കുകയും ചെയ്തു.<br><br>• കൂടാതെ നെല്ലിയാമ്പതി ഓറഞ്ച് ആൻറ് വെജിറ്റബിൾ ഫാമിന്റെ വികസനത്തിനായി നടീൽ വസ്തുക്കളുടെ ഉത്പാദനം, പ്രോജനി ഓർച്ചാർഡ്, സംയോജിത കൃഷി, ഹൈടെക് ഫാർമിംഗ്, കാർബൺ ന്യൂട്രൽ, ഓൺലൈൻ സെയിൽ, ഓപ്പറേഷണൽ സപ്പോർട്ട്, ഫലവർഗ വികസനം, അഗ്രോഫോറെസ്റ്ററി എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കുകയും, വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>• തൊഴിലാളികൾക്ക് വീക്കിലി ഓഫ് നടപ്പിലാക്കി . ഫാം 365 ദിവസവും പ്രവർത്തനസജ്ജമാക്കി.തൊഴിലാളികളുടെ പുതുക്കിയ സേവന വേതന വ്യവസ്ഥ നടപ്പിലാക്കാൻ ആരംഭിച്ചു ക്യാഷ്വൽ തൊഴിലാളികൾക്ക് 20 ദിവസത്തിൽ കൂടുതൽ പണി കൊടുക്കുവാൻ ആരംഭിച്ചു. |
| (ബി) | ഫാമിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | ഫാമിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ ഇവയൊക്കെയാണ്.<br><br>• ഫാമിലെ മുഴുവൻ ഏരിയകളും 35 ബ്ലോക്കുകളായി തിരിച്ചു ടീം വൈസ് അപ്രോച്ച് ആരംഭിച്ചു.<br>• തരിശായി കിടന്നിരുന്ന സ്ഥലങ്ങളിൽ (ഏകദേശം 15 Ha ഏരിയയിൽ) പുതുതായി ഓറഞ്ച്, അവകാഡോ, മുള, പാഷൻ ഫ്രൂട്ട്, സപ്പോട്ട, കറുവപ്പട്ട, അശോകം, ജാതി, കുരുമുളക്, കാപ്പി, വിവിധ ഇനം നാരക വർഗ വിളകളുടെ കൃഷി ഇറക്കി . |

- നിലവിലുള്ള ഒൻപത് പോളിഹൗസുകളുടെയും നൂതന ജല സംവിധാനങ്ങൾ സജ്ജമാക്കി ഫലപ്രദമായി ഉപയോഗിക്കുവാൻ ആരംഭിച്ചു. 3 പോളിഹൗസുകളിൽ സ്ഥിരമായി ഹൈ ടെക് കൃഷി രീതി അനുവർത്തിച്ചു വരുന്നു. സാലഡ് കുക്കുമ്പർ, ബ്രോക്കോളി, തക്കാളി, സ്ട്രോബെറി, പച്ചമുളക്, ലീഫി വെജിറ്റബിൾസ്, ഉരുളകിഴങ്ങ്, പൂച്ചെടികൾ മുതലായവ കൃഷി ചെയ്തു വരുന്നു .
- ഓപ്പൺ പ്രിസിഷൻ ഫാമിംഗ് ആദ്യമായി ഫാമിൽ ആരംഭിച്ചു. ഓറഞ്ച്, തക്കാളി, കോളി ഫ്ലവർ, ബ്രോക്കോളി, പച്ചമുളക്, തണ്ണിമത്തൻ, സ്ട്രോബെറി, മുതലായവ വളരെ മികച്ച രീതിയിൽ ഏകദേശം 5 ha സ്ഥലത്തു ചെയ്തു .
- 2018-19 മുതൽ ആരംഭിച്ച ഓറഞ്ച് കൃഷി പുനരുദ്ധാരണം കൂടുതൽ മെച്ചപ്പെടുത്തി. കഴിഞ്ഞ 2 വർഷത്തിനിടക്ക് 1000 ത്തോളം കൂർഗ് മാൻഡറിൻ തൈകൾ (IIHR ചേതള്ളിയിൽ നിന്നും) പുതുതായി നട്ടു പിടിപ്പിച്ചു. കൂടാതെ 700 നാഗ്പൂർ മാൻഡറിൻ തൈകളും 800 സ്വീറ്റ് ഓറഞ്ച് തൈകളും CoE for Citrus, Nagpur ൽ നിന്നും ഫാമിൽ പുതുതായി നടുവാൻ വേണ്ടി സജ്ജമാക്കിയിട്ടുണ്ട് .
- ആദ്യമായി ബഡിങ്, ഗ്രാഫ്റ്റിങ്, ലയറിങ് മുതലായവ കൂടുതലായി ചെയ്യുവാൻ ആരംഭിച്ചു. 20000 ത്തോളം മാവ്, പ്ലാവ്, ചാമ്പ, പേര മുതലായവയുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ചു. ഒരു കോടി ഫല വൃക്ഷ തൈ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യാൻ ആരംഭിച്ചു.
- ടിഷ്യുകൾച്ചർ ബനാന ഹാർഡനിങ് - BMFC യിൽ നിന്നും 45000 Ex agar പ്ലാന്റ്സ് കൊണ്ടുവന്ന് ഹാർഡൻ ചെയ്തു വിതരണം ചെയ്തു .
- ഔഷധ സസ്യ കൃഷി 1.5 ha ൽ ആരംഭിച്ചു ( അശോകം, കറുവപ്പട്ട, ജാതി മുതലായവ).
- ഡ്രാഗൺ ഫ്രൂട്ട് കൃഷി - മലേഷ്യൻ റെഡ് ഇനത്തിൽ പെട്ട 450 തൈകൾ വച്ചുപിടിപ്പിക്കുകയും വിളവെടുപ്പ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
- വിവിധ ഇനം വാഴകൾ ( 22 ഇനം ), കുരുമുളക് ( 12 ഇനം ), സപ്പോട്ട, മാവ്, അവകാഡോ, കാന്താരി ( 4 ഇനം), ചേന - ഗജേന്ദ്ര, അലങ്കാര ചെടികളായ ഹൈഡ്രാഞ്ചിയ, ചെമ്പരത്തി, പോയിന്റ്സെറ്റിയ, ചൈനീസ് ഹാറ്റ് തുടങ്ങിയവയുടെ മാതൃ സസ്യ തോട്ടങ്ങൾ സജ്ജമാക്കി.

- അന്യം നിന്ന് കൊണ്ടിരിക്കുന്ന അടതാപ്പ്, നിത്യവഴുതന, നെയ്കുമ്പളം മുതലായവ കൃഷി ചെയ്യാൻ ആരംഭിച്ചു .
- ഓൺലൈൻ വിപണി പ്ലാറ്റഫോം ആയ ആമസോണിൽ ഫാമിലെ 10 മൂല്യ വർധിത ഉത്പന്നങ്ങൾ ( ഓറഞ്ച് സ്ക്വാഷ്, പാഷൻ ഫ്രൂട്ട് സ്ക്വാഷ്, പാഷൻ ഫ്രൂട്ട് ജാം, പാഷൻ ഫ്രൂട്ട് ജെല്ലി, പാഷൻ ഫ്രൂട്ട് അച്ചാർ, പേരക്ക സ്ക്വാഷ്, പേരക്ക ജെല്ലി, നാരങ്ങാ സ്ക്വാഷ്, നാരങ്ങാ അച്ചാർ, മിക്സഡ് ഫ്രൂട്ട് ജാം) keralagro ബ്രാൻഡിൽ പുറത്തിറക്കി .
- വാല്യൂ അഡിഷൻ രംഗത്തു പുതുതായി 7 റെഡി ടു ഡ്രിങ്ക് ബോട്ടൽസ് ( പാഷൻ ഫ്രൂട്ട്, മംഗോ, നെല്ലിക്ക, പൈൻ ആപ്പിൾ, പേരക്ക, തണ്ണിമത്തൻ, ലിച്ചി), 6സ്ക്വാഷ് ഐറ്റംസും (റംബുട്ടാൻ, ജാതിക്ക, നെല്ലിക്ക കാന്താരി, കുമ്പളം, വാഴപ്പിണ്ടി, കാരമ്പോള) 2 ജാം ഐറ്റവും (പീച്ച്, ചക്ക ) പുതുതായി പുറത്തിറക്കി . അത് കൂടാതെ അറബിക്ക കാപ്പി പൊടിയും ആദ്യമായി ഫാമിൽ നിന്നും വിൽപ്പനക്കായി തയ്യാറായിട്ടുണ്ട്.
- ഫാമിന്റെ വരുമാനം കഴിഞ്ഞ ഒന്നര വർഷത്തിനുള്ളിൽ തന്നെ ഇരട്ടിയോളം ആക്കുവാൻ സാധിച്ചു. കഴിഞ്ഞ നാലു വർഷത്തെ ഫാമിന്റെ വരുമാനം ചുവടെ ചേർക്കുന്നു .

| **ക്രമ നം.** | **വർഷം** | **വരുമാനം (ലക്ഷത്തിൽ)** |
|---|---|---|
| 1. | 2021-22 | 52.3814 |
| 2. | 2022-23 | 51.21133 |
| 3. | 2023-24 | 89.70587 |
| 4. | 2024-25 | 159.16431 |
| | **ആകെ** | **352.46291** |

സെക്ഷൻ ഓഫീസർ

അനുബന്ധം

1.ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും

| വർഷം | നടീൽ വസ്തുക്കളുടെ ഉത്പാദനം | പ്രോജനി ഓർച്ചാർഡ് | സംയോജിത കൃഷി | ഹൈടെക് ഫാർമിംഗ് | കാർബൺ ന്യൂട്രൽ | ഓൺലൈൻ സെയിൽ | ഓപ്പറേഷനൽ സപ്പോർട്ട് | മറ്റുള്ളവ | ആകെ (ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|---|---|
| 2021-22 | 30.0 | - | - | - | - | - | 2.20333 | 0.47879 | 32.68212 |
| 2022-23 | 40.86413 | 1.25 | - | - | - | 1.85046 | - | 0.925 | 44.88959 |
| 2023-24 | 30.45408 | 1.55 | - | - | - | - | 14.36377 | - | 46.36745 |
| 2024-25 | 64.69369 | 1.0 | - | 22.8 | 5.0 | 0.2 | - | 0.49 | 94.18369 |
| 2025-26 | 24.38439 | 1.68351 | 0.20916 | 3.32396 | - | - | - | - | 29.60102 |
| **ആകെ** | **190.39629** | **5.48351** | **0.20916** | **26.12396** | **5.0** | **2.05046** | **16.5667** | **1.89379** | **247.72387** |

2. ഫലവർഗ്ഗ കൃഷി വികസനം :

| വർഷം | റെയിൻ ഷെൽട്ടർ , പോളി ഹൌസ് നിർമാണം | ജലസേചനം | പ്രൊഡക്ഷൻ കോസ്റ്റ് | പ്രോജനി ഓർച്ചാർഡ് | ട്രാൻസ് പോർട്ടേഷൻ | ആകെ (ലക്ഷത്തിൽ) |
|---|---|---|---|---|---|---|
| 2021-22 | 7.5 | 12.5 | 8.0 | 11.0 | 1.0 | 40.0 |
| 2022-23 | 5.5 | - | 7.0 | - | - | 12.5 |
| **ആകെ** | **13.0** | **12.5** | **15.0** | **11.0** | **1.0** | **52.5** |

### 3. സബ് മിഷൻ ഓൺ അഗ്രോ ഫോറെസ്റ്ററി

| വർഷം | ഘടകം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2024-25 | സ്മാൾ നഴ്സറി | 9.99883 |
| 2025-26 | ബിഗ് നഴ്സറി | 8.0 |
| | **ആകെ** | **17.99883** |

**ഫാമിന്റെ സമഗ്ര വികസനത്തിന്ന് വേണ്ടിയുള്ള Rs.64.135 കോടിയുടെ RIDF പ്രൊജക്റ്റ് തയ്യാറാക്കി.**

| പദ്ധതി | തുക (₹) |
|---|---|
| ചെക്ക് ഡാം നിർമ്മാണം - 3 എണ്ണം | 34,38,46,52.51 |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 11,82,079.54 |
| പച്ചക്കറി & പഴങ്ങൾ വിൽപ്പന കൗണ്ടർ (ടിക്കറ്റ് കൗണ്ടർ ഉൾപ്പെടെ) | 20,61,079.59 |
| വാട്ടർ ടാങ്ക് കം വാച്ച് ടവർ - 3 എണ്ണം | 2,36,94,629.42 |
| ഗസ്റ്റ് ഹൗസ് ടൈപ്പ് I നിർമ്മാണം | 94,80,209.96 |
| ഗസ്റ്റ് ഹൗസ് ടൈപ്പ് I - സാനിറ്ററി ഫിറ്റിംഗ്സ് | 5,47,456.58 |
| ട്രെയിനിംഗ് ഹാൾ, മെസ് ഹാൾ & ഹോസ്റ്റൽ (ട്രെയിനികൾക്കായി) | 1,19,83,204.51 |
| ഗസ്റ്റ് ഹൗസ് ടൈപ്പ് II നിർമ്മാണം | 85,93,557.85 |
| ഓഫീസ് കോംപ്ലക്സ് നിർമ്മാണം | 63,56,805.78 |
| ടോയ്ലറ്റ് കോംപ്ലക്സ് - 3 എണ്ണം | 55,23,705.76 |
| ലേബർ ക്വാർട്ടേഴ്സ് - 6 യൂണിറ്റ് | 13,79,97,267.68 |
| സോളാർ ഫെൻസിംഗ് മെറ്റീരിയൽസ് - 40 കി.മീ (ഇലക്ട്രിക്കൽ) | 85,82,424.80 |
| സോളാർ ഫെൻസിംഗ് മെറ്റീരിയൽസ് - 40 കി.മീ (സിവിൽ) | 62,59,211.60 |
| ഹാങ്ങിംഗ് ഫെൻസ് - 15 കി.മീ (ഇലക്ട്രിക്കൽ) | 1,47,20,273.25 |
| ഹാങ്ങിംഗ് ഫെൻസ് - സിവിൽ ഐറ്റംസ് | 11,95,425.45 |
| പോസ്റ്റിന്റെ അടിസ്ഥാനം & ഇൻസ്റ്റലേഷൻ ചാർജ് (സോളാർ ഫെൻസിംഗ്) | 1,06,63,080.00 |
| ചെയിൻ ലിങ്ക് ഫെൻസിംഗ് | 4,63,46,485.88 |
| ടിക്കറ്റ് കൗണ്ടർ നിർമ്മാണം | 6,94,705.55 |

| | |
|---|---|
| പേവ്മെന്റ് ബ്ലോക്കും കോൺക്രീറ്റ് റോഡും | 1,11,50,365.83 |
| പ്രവേശനവാതിൽ & കമ്പൗണ്ട് വാൾ | 1,44,16,601.10 |
| കെട്ടിട നവീകരണ പ്രവർത്തനങ്ങൾ | 4,30,02,087.27 |
| പുതിയ കെട്ടിട നിർമ്മാണം | 1,31,6420.34 |
| സംയോജിത കൃഷി സംവിധാനം – കറ്റിൽ ഷെഡ് (1 എണ്ണം) | 33,04,283.40 |
| സംയോജിത കൃഷി സംവിധാനം – പോൾട്രി ഫാം (1 എണ്ണം) | 67,22,335.51 |
| സംയോജിത കൃഷി സംവിധാനം – ആട് ഷെഡ് (1 എണ്ണം) & മുയൽ (1 എണ്ണം) | 19,92,546.36 |
| സംയോജിത കൃഷി സംവിധാനം – മീൻ കുളം (1 എണ്ണം) | 70,39,664.45 |
| സംയോജിത കൃഷി സംവിധാനം – താറാവ് കൂട് (1 എണ്ണം) | 3,35,163.43 |
| മൈക്രോ ഇറിഗേഷൻ | 2,09,84,400.00 |
| ട്രെഞ്ച് (10 കി.മീ നീളം, 1 മീറ്റർ അടിത്തട്ട്, 2 മീറ്റർ മുകളിൽ, 3 മീറ്റർ ആഴം) | 1,65,23,466.38 |
| എൽ.എസ്. – ഇലക്ട്രിഫിക്കേഷൻ | 10,00,000.00 |
| എൽ.എസ്. – ഇലക്ട്രോണിക്സ് പ്രവർത്തനങ്ങൾ | 10,00,000.00 |
| വനനശീകരണ ചെലവ് | 5,22,000.00 |
| ഘടനാപരമായ / ജിയോ ടെക്നിക്കൽ കൺസൾട്ടൻസി ഫീസ് | 10,00,000.00 |
| ഉപകരണങ്ങൾ, കൂൾ വാൻ, കൃഷി വാഹനങ്ങൾ, വർട്ടിക്കൽ ഗാർഡൻ, ഹൈഡ്രോപോണിക്സ് ഡെമോ യൂണിറ്റ് തുടങ്ങിയവ | 1,25,00,000.00 |
| ഡിപ്പോസിറ്റ് വർക്ക് (13.78%) | 6,44,48,176.67 |
| ഗുണനിലവാര നിയന്ത്രണ ചെലവ് (0.65%) | 41,32,416.00 |
| ജി.എസ്.ടി (18%) | 8,41,84,846.16 |
| **ആകെ (ഗ്രാൻഡ് ടോട്ടൽ, റൗണ്ടഡ്)** | **64,13,50,000.00** |

**സെക്ഷൻ ഓഫീസർ**